പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2741 — 19/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

ചോദ്യം — മറുപടി

ശ്രീ.ബെന്നി ബെഹനാൻ :
ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. റ്റി.എൻ.പ്രതാപൻ
ശ്രീ. കെ.മുരളീധരൻ

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായമാണ് നൽകിവരുന്നത്; | (എ) | വിദ്യാഭ്യാസ വർഷത്തെ തുടക്കത്തിലെ ചെലവുകൾക്കായി 5,000/- രൂപ അനുവദിക്കുന്നു. എല്ലാ രണ്ടാം വർഷ വിദ്യാർത്ഥികൾക്കും ലാപ്ടോപ് സൗജന്യമായി നൽകുന്നതു കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും പ്രതിമാസ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പോക്കറ്റ് മണി എന്നിവയും നൽകി വരുന്നു. |
| (ബി) | ഇവർക്ക് ലാപ്ടോപ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2011-12 വർഷം മുതൽ പദ്ധതി ആരംഭിച്ചു. എല്ലാ രണ്ടാം വർഷ വിദ്യാർത്ഥികൾക്കും ലാപ്ടോപ് നൽകുന്നു. 3 വർഷ ഗ്യാരന്റിയോടു കൂടിയ ലാപ്ടോപ്പുകൾ അവർ പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാ ഓഫീസുകൾ വഴി വിതരണം ചെയ്തു വരുന്നു. |
| (സി) | ഈ പദ്ധതിയുടെ മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിന് കീഴിലുള്ള DGS &D പ്രകാരം അവർ നിശ്ചയിക്കുന്ന Configuration അനുസരിച്ചും അവർ നിശ്ചയിക്കുന്ന |

| | | | |
|---|---|---|---|
| | | | വിലയ്ക്കുമാണ് ലാപ്ടോപ്പുകൾ നൽകുന്നത്. എല്ലാ ലാപ്ടോപ്പുകൾക്കും അനുബന്ധ സോഫ്റ്റ് വെയറുകളും സൗജന്യമായി നൽകുന്നു. തകരാർ സംഭവിച്ചാൽ, സർവ്വീസ് ചെയ്യുന്നതിനുള്ള കരാർ വിതരണം ചെയ്യുന്ന സ്ഥാപനവുമായി ഉണ്ടാക്കിയിട്ടുണ്ട്. 2011-12 വർഷം 128 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകി. 2012-13 വർഷം 251 വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. ഈ മാസം അവസാനത്തോടെ വിതരണം നടപ്പാക്കാനാകും. |

സെക്ഷൻ ഓഫീസർ